"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വാണിയംകുളം റ്റി.ആർ.കെ. ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.24146/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 25.07.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

---

**സ.ഉ.(സാധാ) നം.2429/2024/GEDN തീയതി, തിരുവനന്തപുരം, 26-03-2024**

പരാമർശം:-

1. പാലക്കാട് വാണിയംകുളം റ്റി.ആർ.കെ. ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 04/03/2023 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P7).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 24146/2023-ന്മേലുള്ള 25.07.2023 തീയതിയിലെ വിധിന്യായം.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/11/2023 തീയതിയിലെ DEOOTP/2198/2023-B3 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13/11/2023 തീയതിയിലെ DDEPKD/4170/2023-B5 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/11/2023 തീയതിയിലെ ഇഎം1/16960/23/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് വാണിയംകുളം റ്റി.ആർ.കെ. ഹൈസ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.24146/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P7(പരാമർശം 1) പുന:പരിശോധനാ ഹർജി ഹർജിക്കാരിയെയും അഞ്ചാം എതിർകക്ഷിയായ ടി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. എസ്സ് നിമിഷയെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ , ബന്ധപ്പെട്ട കക്ഷികളെ 15.11.2023 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി

**2. ഹർജിക്കാരിയായ വാണിയംകുളം റ്റി.ആർ.കെ. ഹൈസ്കൂൾ മാനേജരുടെയും 5-ാം എതിർകക്ഷിയായ ശ്രീമതി നിമിഷയുടെയും പൊതുവായ അപേക്ഷ ഇപ്രകാരമാണ് :**

"1. വാണിയംകുളം ടി.ആർ.കെ.എച്ച്.എസ്. ഒറ്റപ്പാലം വിദ്യാഭ്യാസ ഓഫീസറുടെ അധികാരം പരിധിയിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 19.07.2021 മുതൽ ശ്രീമതി.എസ്.നിമിഷയെ ഒരു പ്രൊമോഷൻ ഒഴിവിൽ യു.പി.എസ്.എ. ആയി നിയമിച്ചു. പ്രൊമോഷൻ ലഭിച്ച അദ്ധ്യാപികയുടെ സ്ഥാനക്കയറ്റം അംഗീകരിച്ചു. ശ്രീമതി.എസ്.നിമിഷയുടെ നിയമനാംഗീകാരം വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. അത് വിദ്യാഭ്യാസ ഡയറക്ടർ ശരിവച്ചു.

2. നിയമനംഗീകാരം നിരസിക്കാനുള്ള കാരണം സീനിയർ അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിട്ടില്ല, ഒഴിവിന്റെ സ്വഭാവം വ്യക്തമല്ല, നിയമിത സെക്കൻഡറി, ഹയർ സെക്കൻഡറി, ബി.എഡ്. ലവലിൽ മലയാളം പഠിച്ചിട്ടില്ല.

3. നിയമനം നിരസിക്കാൻ കണ്ടെത്തിയ കാരണങ്ങൾ നിലനിൽക്കില്ല. സീനിയർ അദ്ധ്യാപകരുടെ നിയമനം ഇതിനാൽ അംഗീകരിച്ചു. മറ്റുള്ളവരെ നിയമിക്കുന്നത് വ്യവസ്ഥാപിത ഒഴിവിലാണ്. ഭരണപരമായ താമസം കൊണ്ടാണ് അവരുടെ നിയമനം അംഗീകരിക്കത്തത്. 2 -ാമതായി ചൂണ്ടി കാട്ടിയ പോരായ്മ പരിഹരിക്കാൻ കഴിയുന്നതാണ്. നിയമിത വിദ്യാഭ്യാസ കാലഘട്ടത്തിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ല എന്നതാണ് 3-ാമത്തെ തടസ്സം. മലയാളം പഠിക്കാത്തത് യു.പി.എസ്.എ നിയമനത്തിന് ഒരു തടസ്സമായി പറയുന്നില്ല. സമാനമായ കേസിൽ സർക്കാർ നിരവധി നിയമനങ്ങൾ അംഗീകരിക്കാൻ ഉത്തരവായിട്ടുണ്ട്. (ജി.ഒ.(ആർ.ടി.)നം.1757/2021/പൊ.വി.വ തീയതി 18.02.2021. ജി.ഒ.(ആർ.ടി.)നം. 3230/2021/പൊ.വി.വ തീയതി 02.07.2021)

4. മേൽ സാഹചര്യത്തിൽ, ശ്രീമതി. നിമിഷയുടെ നിയമനം അംഗീകരിച്ച് നൽകി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.”

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

"വാണിയംകുളം ടി.ആർ.കെ ഹൈസ്കൂൾ മാനേജർ പ്രസ്തുത സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി രഞ്ജിതയുടെ 1/6/2017 മുതലുള്ള HST പ്രമോഷൻ ഒഴിവിലേക്ക് ശ്രീമതി എസ്. നിമിഷയെ 19/7/2021 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ചു.

നിയമന ശിപാർശ സമർപ്പിച്ചത് ഒരു ദിവസം വൈകിയാണ് എന്നതിനാലും യുപിഎസ്ടി തസ്തികയിൽ മാനേജർ നിയമിച്ച മറ്റ് സീനിയർ നിയമിതരുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്നതിനാലും സംരക്ഷിത അധ്യാപക വ്യവസ്ഥ പാലിക്കാത്തതിനാലും ടി അധ്യാപിക സെക്കൻഡറി, ഹയർ സെക്കൻഡറി, ഡിഗ്രി, ബിഎഡ് മലയാളം പഠിച്ചിട്ടില്ല എന്ന കാരണത്താലും, ജി.ഒ.(എം.എസ്.)67/2018/പൊവിവ തിയതി 22/5/2018 പ്രകാരം ടിയാരിയെ യുപി തസ്തികയിൽ നിയമിക്കുന്നതിന് യോഗ്യയല്ല എന്നകാരണത്താലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

പ്രസ്തുത ഉത്തരവിനെതിരെ മേൽ വിദ്യാഭ്യാസ ആഫീസുകളിൽ സമർപ്പിക്കപ്പെട്ട അപ്പീലുകളും നിരസിക്കപ്പെട്ടു. പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ ഭിന്നശേഷി സംവരണം പാലിക്കേണ്ടതുണ്ട് എന്ന തടസവാദവും കൂടെ ഉൾപ്പെടുത്തി നിരസിച്ചു.

ടി നിയമനവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ ചുവടെ കൊടുക്കുന്നു.

1. ശ്രീമതി നിമിഷയുടെ യു.പി.എസ്.ടി. നിയമനം ശ്രീമതി ജി. രഞ്ജിതയുടെ 1/6/2017 മുതൽക്കുള്ള എച്ച്.എസ്.ടി പ്രമോഷൻ ഒഴിവിൽ ആയിരുന്നു. ശ്രീമതി രഞ്ജിതയുടെ എച്ച്എസ്ടി

നിയമനം 28/3/2019-ലെ ഡി.ഡിസ്.ബി3/1788/2019/കെ.ഡിസ് ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2. നിയമന ശിപാർശ സമർപ്പിക്കുന്നതിലെ കാലതാമസം വിദ്യാഭ്യാസ ഉപഡയറക്ടർ മാപ്പാക്കിയിട്ടുണ്ട്.

3. ടി അധ്യാപിക എസ്.എസ്.എൽ.സി, ഹയർ സെക്കൻഡറി, ഡിഗ്രി, ബിഎഡ് തലങ്ങളിൽ ഒന്നും തന്നെ മലയാളം പഠിച്ചിട്ടില്ല. 22/5/2018-ലെ സ.ഉ.(കൈ)നം.67/2018/പൊവിവ പ്രകാരം സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചില്ലെങ്കിലും ബിരുദ, ബിരുദാനന്തര/അധ്യാപക ട്രെയിനിംഗ് യോഗ്യതാതലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽപിഎസ്ടി/യുപിഎസ്ടി നിയമനത്തിന് അർഹത ഉണ്ടായിരിക്കുമെന്ന് ഉത്തരവായിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും 24/2/2023 തിയതിയിലെ സ.ഉ.(കൈ).നം.19/2023/പൊവിവ-ലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ടും അപ്രകാരം നിയമിതരാവുന്നവർക്ക് മലയാളഭാഷ പ്രാവീണ്യം ഉറപ്പാക്കുന്നതിനുള്ള യോഗ്യത പരീക്ഷ എഴുതുന്നതിന് പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പ് സ.ഉ.(കൈ)നം. 87/2023/പൊവിവ തിയതി 28/6/2023 പ്രകാരം അനുമതി നൽകിയിരുന്നു.

ശ്രീമതി എസ്.നിമിഷ എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി ഡിഗ്രി ബിഎഡ് തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ല. ബിഎഡ് യോഗ്യത നേടിയിരിക്കുന്നത് 2020-ലാണ്. ടി യോഗ്യത നേടിയിരിക്കുന്നത് 24/2/2023-നു മുൻപ് ആയതിനാൽ സ.ഉ.(കൈ)നം.87/2023/പൊവിവ തിയതി 28/6/2023 പ്രകാരമുള്ള ആനുകൂല്യം ശ്രീമതി നിമിഷക്ക് നൽകുകയും യോഗ്യത പരീക്ഷ പാസാവുന്ന മുറയ്ക്ക് ടി വിഷയം പരിഗണിക്കാവുന്നതാണെന്നും അഭിപ്രായപ്പെടുന്നു.

വാണിയംകുളം ടി.ആർ.കെ. ഹൈസ്കൂളിൽ 18 യു.പി.എസ്.എ. തസ്തികകൾ നിലവിലുണ്ട്. അതിൽ 16-ാമത്തെ യുപിഎസ്ടി തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി നിമിഷയുടെ തസ്തിക വ്യവസ്ഥാപിതമാണ്. സീനിയർ നിയമിതരുടെ നിയമനം അംഗീകരിക്കപ്പെടുന്ന മുറക്ക് ശ്രീമതി നിമിഷയുടെ നിയമനവും അംഗീകരിക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു."

**4.** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും 5-ാം എതിർകക്ഷിയുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. പ്രൊമോഷൻ ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീമതി. എസ്. നിമിഷയുടെ നിയമനം നിയമനത്തീയതിയായ 19.07.2021 മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി. രഞ്ജിതയ്ക്ക് 01.06.2017-ൽ എച്ച്.എസ്.ടി. ആയി പ്രൊമോഷൻ നൽകിയ ഒഴിവിൽ മാനേജർ ശ്രീമതി. നിമിഷയെ 19.07.2021 മുതൽ നിയമിച്ചു. നിയമന ശിപാർശ സമർപ്പിക്കുവാൻ ഒരു ദിവസം വൈകിയതിനാലും, സീനിയർ യു.പി.എസ്.ടി.മാരുടെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും, സംരക്ഷിതാധ്യാപക വ്യവസ്ഥ പാലിക്കാത്തതിനാലും, ടിയാരി ഒരു ഘട്ടത്തിലും മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലാത്തതിനാലും, ഭിന്നശേഷി സംവരണം പാലിക്കാത്തിനാലും ടിയാരിയുടെ നിയമനം നിരസിക്കപ്പെട്ടു. ശ്രീമതി. രഞ്ജിതയുടെ എച്ച്.എസ്.ടി. നിയമനം 28.03.2019 മുതൽ അംഗീകരിച്ചിട്ടുണ്ടെന്നും; നിയമനശിപാർശ സമർപ്പിക്കുന്നതിലെ കാലതാമസം വിദ്യാഭ്യാസ

ഉപഡയറക്ടർ മാപ്പാക്കിയിട്ടുണ്ടെന്നും; ടി ഹൈസ്കൂളിലെ 18 യു.പി.എസ്.ടി. തസ്തികകളിൽ 16-ാം മത്തെ യു.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. നിമിഷയുടെ തസ്തിക വ്യവസ്ഥാപിതമാണെന്നും; സീനിയർ നിയമിതരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കും G.O.(Ms)No.87/2023/G.Edn dated 28.06.2023 പ്രകാരമുള്ള യോഗ്യതാപരീക്ഷ പാസ്സാകുന്ന മുറയ്ക്കും ശ്രീമതി. നിമിഷയുടെ നിയമനവും അംഗീകരിക്കാവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. മലയാളം ഒരു വിഷയമായി പഠിക്കാത്തത് യു.പി.എസ്.ടി. നിയമനത്തിന് തടസ്സമായി കെ.ഇ.ആർ.ൽ പറയുന്നില്ലെന്നും; സമാന കേസുകളിൽ G.O.(Rt)No.3230/2021/GEDN dated 02.07.2021, G.O.(Rt)No.1757/2021/G.Edn dated 18.02.2021 എന്നിവ പ്രകാരവും അംഗീകാരം നൽകിയിട്ടുണ്ടെന്നും; ശ്രീമതി. നിമിഷ പച്ചമലയാളം കോഴ്സ് പാസ്സായിട്ടുണ്ടെന്നും മാനേജർ വാദിക്കുന്നു.(original certificate ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്ന് മാനേജർ അറിയിച്ചിട്ടുണ്ട്.)

**5.** മേൽ സാഹചര്യത്തിൽ, പ്രൈമറി അധ്യാപക നിയമനത്തിന് എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി തലത്തിൽ മലയാളം പഠിച്ചിരിക്കണം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കെ.ഇ.ആർ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലും; ശ്രീമതി.എസ്.നിമിഷ എസ്.എസ്.എൽ.സി., ഹയർ സെക്കൻഡറി, ഡിഗ്രി, ബിഎഡ് തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും ചട്ടങ്ങളെ സർക്കാർ ഉത്തരവുകൾ കൊണ്ട് മറികടക്കാനാവില്ലായെന്ന കോടതിവിധികളുടെ അടിസ്ഥാനത്തിലും; ടിയാൾ ബിഎഡ് യോഗ്യത നേടിയിരിക്കുന്നത് 24/2/2023-നു മുൻപ് ആയതിനാൽ സ.ഉ.(കൈ)നം.87/2023/പൊവിവ തിയതി 28/6/2023 പ്രകാരമുള്ള യോഗ്യതാ പരീക്ഷ നടത്തുമ്പോൾ ശ്രീമതി നിമിഷ പ്രസ്തുത പരീക്ഷ എഴുതി യോഗ്യത നേടേണ്ടതാണെന്ന വ്യവസ്ഥയിൽ, ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്കു വിധേയമായി ശ്രീമതി. എസ്. നിമിഷയ്ക്ക് മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, നിയമനത്തീയതി മുതൽ അംഗീകാരം നൽകുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് വാണിയംകുളം റ്റി.ആർ.കെ. ഹൈസ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജി( Ext. P7) തീർപ്പാക്കി, അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
മാനേജർ, റ്റി.ആർ.കെ. ഹൈസ്കൂൾ, വാണിയംകുളം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, റ്റി.ആർ.കെ. ഹൈസ്കൂൾ, വാണിയംകുളം, പാലക്കാട്.
ശ്രീമതി. എസ്. നിമിഷ, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
റ്റി.ആർ.കെ. ഹൈസ്കൂൾ, വാണിയംകുളം, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ(ജെഎ)വകുപ്പ് (ജെഎ1/3/2024-പൊവിവ തീയതി 23.2.2024)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 28-03-2024 14:56:18

സെക്ഷൻ ഓഫീസർ